**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 677** **10-02-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി സ്റ്റോറേജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പകൽസമയത്ത് കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി, ബാറ്ററിയിൽ സംഭരിച്ച് രാത്രികാലങ്ങളിൽ ഉപയോഗിക്കുന്നതിനായി പദ്ധതി ആവിഷ്കരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | പകൽ സമയത്ത് കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി ബാറ്ററിയിൽ സംഭരിച്ച് രാത്രി കാലങ്ങളിൽ ഉപയോഗിക്കുന്നതിനായി സംസ്ഥാനത്ത് ആദ്യഘട്ടം എന്ന നിലയിൽ 750 മെഗാവാട്ട്/3000 മെഗാവാട്ട് ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. പ്രാരംഭ പദ്ധതി എന്ന നിലയിൽ അനെർട്ടിന്റെ ഹെഡ് ഓഫീസിൽ 100 kW /150 kWh ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരമുള്ള സ്റ്റോറേജ് പദ്ധതി എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ; വിശദമാക്കുമോ; | (ബി) | 500 Mwh, BESS കേരളത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി 135 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജക മണ്ഡലത്തിലെ മൈലാട്ടി സബ്സ്റ്റേഷൻ പരിസരത്താണ് സ്ഥാപിക്കുന്നത്.<br><br>ഇതുകൂടാതെ National Hydro Power Corporation (NHPC) - ന് BESS സ്ഥാപിക്കുന്നതിനു ലഭിച്ച കേന്ദ്രസഹായമായ VGF പ്രയോജനപ്പെടുത്തി കേരളത്തിൽ 500 മെഗാവാട്ട് BESS സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇവ നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പോത്തൻകോട് സബ്സ്റ്റേഷനിൽ 40 MW/160 MWh, ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരം സബ്സ്റ്റേഷനിൽ 40 MW/ 160 MWh, ഏറനാട് നിയോജകമണ്ഡലത്തിലെ അരീക്കോട് സബ്സ്റ്റേഷനിൽ 30 MW/120 MWh, കാസർഗോഡ് നിയോജകമണ്ഡലത്തിലെ മുള്ളേരിയ സബ്സ്റ്റേഷനിൽ 15 MW/ 60MWh |

| | | | |
|---|---|---|---|
| | | | എന്നിങ്ങനെയാണ് അടിസ്ഥാന സൗകര്യ ങ്ങൾക്ക് വിധേയമായി പരിഗണിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടുകൂടി വൈദ്യുതക്ഷാമം എത്രത്തോളം പരിഹരിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നതെന്നറിയിക്കുമോ? | (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതോടുകൂടി സംസ്ഥാനത്ത് പ്രതിദിനം **1 MU** അധിക വൈദ്യുത ലഭ്യത കൂടി ഉറപ്പ് വരുത്തുവാൻ കഴിയും**.** |

സെക്ഷൻ ഓഫീസർ